10-09-2021

FRIDAY

വെള്ളിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –10/09/2021

1. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ നിന്നും രോഗവിമുക്തമായ തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ മുൻകൂർ പണമടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രോഗവിമുക്തമായ ഒരു ഇന്ത്യൻ തേനീച്ച കോളനിക്ക് 1400/- രൂപയാണ് സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന വില. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ പണമടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടുന്ന ഫോൺ നമ്പർ: 09744660642, 08547109186

2. വയനാട് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നാഗപതി (Serpentine) രീതിയിൽ വേരുപിടിപ്പിച്ച പന്നിയൂർ 5,പന്നിയൂർ 8 എന്നീ ഇനം കുരുമുളക് തൈകൾ വില്പനയ്ക്ക് ഒരുങ്ങിയിരിക്കുന്നു. 3 മുതൽ 5 ഇലകളോട് കൂടിയ 80 ചെടികൾ വീതമാണ് വില്പനയ്ക്ക് തയ്യാറായിരിക്കുന്നത്. കൂടൊന്നിന് 25 രൂപ. ആവശ്യമുള്ളവർ വട്ടവൻച്ചാൽ റോഡിലുള്ള കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

3. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എം.ഐ.ഡി.എച്ച് (MIDH) പദ്ധതിയുടെ കീഴിൽ ഡ്രാഗൺ ഫ്രൂട്ട്, പ്ലാവ് കൃഷി, അവോക്കാഡോ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ ഹൈബ്രിഡ് പച്ചക്കറി കൃഷി, കശുമാവ് എന്നിവയ്ക്കും കൂടാതെ യന്ത്രവൽകൃത കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും, പ്രൈമറി മിനിമൽ പ്രോസസിംഗ് യൂണിറ്റ്, റൈപ്പനിംഗ് ചേമ്പർ, ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ്, പോളി ഹൗസ്, ഷെയിഡ് നെറ്റ് എന്നിവ നിർമ്മിക്കുന്നതിനും സബ്സിഡി ലഭ്യമാണ്. ഇടുക്കി ജില്ലയിലെ താല്പര്യമുള്ള കർഷകർ അവരവരുടെ പഞ്ചായത്തിലെ കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകേണ്ടതാണ്.

4. പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ കാസർകോട് കുള്ളന്റെ കാളകൾ, കിടാക്കൾ, പശു, കിടാരികൾ, മുട്ടനാട് എന്നിവയെ ലേലം ചെയ്യുന്നു. ഈ മാസം 13-ന് (സെപ്തംബർ 13ന്) രാവിലെ 11 മണിക്ക് മൃഗസംരക്ഷണ വിഭാഗത്തിന്റെ ഓഫീസിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


**0467 2260450** എന്ന ഫോൺ നമ്പരിലോ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ഓഫീസുമായോ ബന്ധപ്പെടുക.

5. മൃഗസംരക്ഷണ മേഖലയിലെ വിവിധ സംരംഭങ്ങൾക്കായി ദേശസാൽകൃത/പൊതുമേഖല/സഹകരണ/ഗ്രാമീണ വികസന ബാങ്കുകൾ, പട്ടികജാതി/പട്ടികവർഗ/പിന്നോക്ക/വനിത വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷം മുതൽ ഇങ്ങോട്ട് വായ്പ എടുത്തിട്ടുള്ളതും 2017-2021 സാമ്പത്തിക വർഷത്തിനിടയിൽ തിരിച്ചടവ് പൂർത്തിയാകാത്തതും എന്നാൽ കൃത്യമായ തിരിച്ചടവുള്ളതുമായ കർഷകർക്കായുള്ള പലിശ ഇളവ് ധനസഹായ പദ്ധതി മൃഗാശുപത്രികൾ മുഖേന നടപ്പിലാക്കുന്നു. അർഹരായ കർഷകർ അടുത്തുള്ള മൃഗാശുപത്രിയുമായി ഇന്നുതന്നെ (സെപ്തംബർ 10) ബന്ധപ്പെടേണ്ടതാണെന്ന് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

6. കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത പച്ചക്കറിയിനങ്ങളുടെ വിത്തുകൾ മണ്ണുത്തിയിലുള്ള സെയിൽസ് കൗണ്ടറിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (10/09/2021-നു) വൈകിട്ട് 6 മണി മുതൽ **വാഴപ്പഴത്തിന്റെ വ്യാവസായിക പ്രാധാന്യവും മൂല്യവർദ്ധിത ഉൽപന്നങ്ങളും** എന്ന വിഷയത്തിലും 7 മണി മുതൽ **നെൽയന്ത്രവൽക്കരണം** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (10/09/2021 നു ) രാവിലെ 11 മണിക്ക് **ആദായകരമായ പാലുൽപാദനം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി

ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481– 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

9. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (10.09.21) **'നിപ്പ കരുതലും പ്രതിരോധവും'** എന്ന വിഷയത്തിൽ ഓൺലൈൻ ബോധവല്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ വാട്സ്ആപ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ 9188522711. കൂടുതൽ വിവരങ്ങൾക്ക് 0469-2965535 എന്ന നമ്പരിൽ ബന്ധപ്പെടുക.

10. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഇന്ന് (സെപ്തംബർ 10-ന്) **അടുക്കളമുറ്റത്തെ കോഴിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

11. കുടപ്പനക്കുന്ന് പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (സെപ്തംബർ 11 ന്) രാവിലെ 9.30 മുതൽ 12.30 വരെ **'നിപ്പ അറിയേണ്ടതെല്ലാം'** എന്ന വിഷയത്തിൽ ഒരു ബോധവൽക്കരണ ക്ലാസ്സ് ഓൺലൈനായി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണമെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം